بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 17.10.2014

(22 DHUL HIJJA 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹു (ത) എനിക്ക് വീണ്ടും തൗഫീഖ് ചെയ്തിരിക്കുന്നു; അറിവ് പ്രദാനം ചെയ്തിരിക്കുന്നു. **"ഹൃദയത്തെ"** കുറിച്ചുള്ള വെള്ളിയാഴ്ച പ്രഭാഷണത്തിന്റെ നാലാം ഭാഗം തുടരുന്നതിനായി.

**"ഈമാന്റെ"** വാസസ്ഥലമാകുന്നു ഹൃദയം. ഒരാൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചാൽ, അവന്റെ ഹൃദയത്തിൽ അണുകിടപോലും കുഫ്റും നിഫാഖും അവശേഷിച്ചിട്ടില്ലെങ്കിൽ ; അത്തരത്തിലുള്ള വ്യക്തിക്ക് ഒരിക്കലും ഒരവിശ്വാസിയായി മാറുവാൻ കഴിയുകയില്ല. ഒരു അവിശ്വാസിക്കും സ്വാത്വികനാകാൻ സാധിക്കുകയില്ല ; അഥവാ ഖുർ ആന്റെയും റസൂലുല്ലായുടെ സുന്നത്തിനെയും പിന്തുടരുന്നവനാകുവാൻ കഴിയുകയില്ല. അല്ലാഹു (ത) പറയുന്നു.

**"അല്ലാഹു ഒരാൾക്കും അയാളുടെ ഉള്ളിൽ രണ്ട് ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല."** (33:5)

മുകളിൽ സൂചിത വചനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത് ഒരു പ്ലാറ്റ് ഫോമിൽ രണ്ട് എതിർ ആശയങ്ങൾ സാധ്യമല്ല; ഒരു ശരീരത്തിൽ രണ്ട് ഹൃദയങ്ങൾ രൂപപ്പെടാത്തതുപോലെ. ഒരു യഥാർത്ഥ മുസ്‌ലീം സൗഹൃദം സ്ഥാപിക്കുന്നത് അല്ലാഹുവിന്റെ സ്നേഹിതരുമായിട്ടായിരിക്കും. അതുപോലെ അല്ലാഹുവിന്റെ ശത്രുക്കളിൽ നിന്നും അവൻ അകന്നു കഴിയുകയും ചെയ്യും. ഹൃദയത്തിന് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം ഉള്ളതിനാൽ, അതിൽ ഉള്ളത് മാത്രമേ പരിഗണനയ്ക്ക് എടുക്കുകയുള്ളൂ. ഒരു ഹദീസിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. റസൂൽ (സ) പറഞ്ഞിരിക്കുന്നു. **" അല്ലാഹു നിങ്ങളുടെ ബാഹ്യ രൂപത്തെയോ, നിങ്ങളുടെ ധനത്തെയോ പരിഗണിക്കുന്നില്ല ; മറിച്ച്, നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെയും നിങ്ങളുടെ പ്രവർത്തനങ്ങളെയുമാണ് പരിഗണിക്കുന്നത് ".**

**"ഈമാന്റെ"** വാസസ്ഥലമാണ് ഹൃദയം. വിശ്വാസികളാണെന്ന് അവകാശപ്പെടുകയും എന്നാൽ അവരുടെ ഹൃദയങ്ങളിൽ **" ഈമാൻ"** ഇല്ലാതിരിക്കുകയും ചെയ്യുന്നവരോട് അല്ലാഹു (ത) ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു.

**"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദവികൾ പറയുന്നു. പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ മുസ്‌ലീംമായിരിക്കുന്നു എന്നു പറയുക. നിങ്ങളുടെ ഹൃദയങ്ങളിൽ ഇതേ വരെ സത്യവിശ്വാസം കടന്നിട്ടില്ല."** (49:15)

അല്ലാഹു (ത) വീണ്ടും പറയുന്നു.

**"അല്ലാഹുവിൽ വിശ്വസിച്ചതിനു ശേഷം വല്ലവരും നിഷേധിക്കുന്നതായാൽ – തന്റെ ഹൃദയം സത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ച് ഉറച്ചിരിക്കെ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽ നിന്ന് ഒഴിവാണ് – നേരെ മറിച്ച് തുറന്ന ഹൃദയത്തോടുകൂടി തന്നെ അവൻ സത്യത്തെ നിഷേധിച്ചാൽ അവരുടെ മേൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപമുണ്ട്. അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്."** (16:107)

ഹൃദയ കാഠിന്യം എന്നത് ഒരു പ്രത്യേക രീതിയിലുള്ള നിർബന്ധ ബുദ്ധിയാണ്. അല്ലാഹുവിന്റെ വചനങ്ങളെ അവർ നിരസിക്കുന്നു. നന്മ നിറഞ്ഞ ഉപദേശങ്ങൾ, അവരുടെ ഹൃദയങ്ങൾ സ്വീകരിക്കുകയില്ല. അല്ലാഹു (ത) ബനീ ഇസ്രായീലുകളെ സംബന്ധിച്ച് പറയുന്നു. **" അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങൾ കടുത്തു പോയി. അങ്ങനെ അത് പാറക്കല്ലുകൾ കണക്കെയോ അതിനേക്കാൾ കഠിനമോ ആയിരിക്കുകയാണ്."** (2:75)

മൃദുല ഹൃദയം എന്നു പറയുന്നത് അല്ലാഹുവുമായി സാമീപ്യം കരസ്ഥമാക്കുന്ന ഹൃദയങ്ങളാകുന്നു ; കഠിന ഹൃദയം എന്നു പറയുന്നത് അല്ലാഹുവുമായി അകലം പ്രാപിക്കുന്ന ഹൃദയങ്ങളാകുന്നു. തിരു ദൂതർ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. **"അല്ലാഹു (ത) തന്റെ സാധനങ്ങൾ നിറച്ച പെട്ടി വച്ചിരിക്കുന്നത് ഈ പ്രപഞ്ചത്തിൽ വസിക്കുന്ന ജന ഹൃദയങ്ങളിലാണ്. നിങ്ങളുടെ രക്ഷിതാവിന്റെ പെട്ടി സത്യാത്മക്കളുടെ ഹൃദയങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. സൗമ്യപ്രകൃതമുള്ള ഹൃദയങ്ങളെയാണ് അല്ലാഹു ഏറ്റവുമധികം സ്നേഹിക്കുന്നത്".**

ഒരു മനുഷ്യന് നൽകപ്പെടുന്ന ഏറ്റവും വലിയ ശിക്ഷ കഠിന ഹൃദയമാണ്. ഒരു ജനതയെ അല്ലാഹു വെറുത്താൽ അവരുടെ ഹൃദയങ്ങളിലുള്ള അനുകമ്പ എന്ന വികാരത്തെ അവൻ നീക്കം ചെയ്യുന്നു.

അവിശ്വാസികളുടെ ഹൃദയങ്ങളിൽ അവൻ സീല് വച്ചിരിക്കുന്നു എന്ന് അല്ലാഹു (ത) പറഞ്ഞിരിക്കുന്നു.

**"(സത്യത്തെ മനപൂർവ്വം) നിഷേധിച്ചവരാരോ, അവർക്ക് നീ മുന്നറിയിപ്പു നൽകുന്നതും നൽകാതെ ഇരിക്കുന്നതും അവരെ സംബന്ധിച്ചിടത്തോളം സമമാണ്. (ഈ സ്ഥിതിക്ക് മാറ്റം വരുത്തന്നതുവരെ) അവർ വിശ്വസിക്കുകയില്ല. അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്ര വച്ചിരിക്കുന്നു. അവരുടെ കണ്ണുകളിന്മേൽ ഒരു മറയുണ്ട്.**

**അവർക്ക് കഠിന ശിക്ഷയുമുണ്ടായിരിക്കുന്നതാണ്. ”** (2:7 – 8)

ഹൃദയം ഒരു ഉറവിടമാകുന്നു. ; ഉദ്ദേശ്യങ്ങളുടെ ഉറവിടവും അതു തന്നെ. ഉദ്ദേശ്യങ്ങൾക്കനുസൃതമായിട്ടാണ് പ്രതിഫലം നല്കപ്പെടുന്നത്. നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതും ഈ ഉദ്ദേശ്യങ്ങൾക്കനുസൃതമായിരിക്കും. അല്ലാഹു (ത) പറയുന്നു.

**“ നിങ്ങളുടെ ശപഥങ്ങളിലെ നിരർത്ഥകമായതിനെ സംബന്ധിച്ച് നിങ്ങളെ അല്ലാഹു ശിക്ഷിക്കുകയില്ല. പക്ഷെ, നിങ്ങളുടെ ഹൃദയങ്ങൾ (ബോധപൂർവ്വം) സമ്പാദിച്ചതിന് അവൻ നിങ്ങളെ ശിക്ഷിക്കുന്നതാണ്. അല്ലാഹു സർവ്വഥാ പൊറുത്തു കൊടുക്കുന്നവനും, സഹിഷ്ണുതയുള്ളവനുമാകുന്നു”.** (2:226)

ഉദ്ദേശ്യങ്ങൾക്കനുസൃതമായിട്ടാണ് കണക്ക് ബോധിപ്പിക്കേണ്ടി വരുന്നത്. ഹൃദയമാണ് ഉദ്ദേശ കേന്ദ്രം. അല്ലാഹു (ത) പറയുന്നു.

**“എന്നാൽ, നിങ്ങൾക്ക് (ഈ വിഷയത്തിൽ മുമ്പേ) തെറ്റുപറ്റി പോയതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. പക്ഷേ, നിങ്ങൾ മനഃപൂർവ്വം പ്രവർത്തിച്ചതാണ് (കുറ്റകരം) അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.”** (33:6)

അല്ലാഹുവിന്റെ ഏറ്റവും നല്ലതും വിലയുള്ളതുമായ സമ്മാനം നന്ദിയുള്ള ഹൃദയവും, അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന നാവുമാകുന്നു. തിരുനബി (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. **“നന്ദി രേഖപ്പെടുത്തുന്ന ഒരു ഹൃദയം, അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന ഒരു നാവ് ഈ ലോകത്തും നാളെ പരലോകത്തും നിങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന സ്വാതികയായ ഭാര്യ, ഇത് വളരെ വിലപിടിപ്പുള്ള നിധി തന്നെയാണ്.”**

ഓരോ ഹൃദയങ്ങളിലും മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെക്കുറിച്ച് അല്ലാഹു തികച്ചും ബോധവാനാണ്. വിശ്വാസികളെ അവൻ ഉപദേശിക്കുന്നു. അല്ലാഹു (ത) പറയുന്നു.

**“നിങ്ങൾ അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷ്മമായി പാലിക്കുക. തീർച്ചയായും അല്ലാഹു ഹൃദയങ്ങളിലുള്ളത് നല്ലപോലെ അറിയുന്നവനാണ്.”** (5:8) **“ നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിയുന്നു. അല്ലാഹു സർവ്വജ്ഞനും സഹനശീലനുമാണ്.”** (33:52)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **“ അവരുടെ ഹൃദയങ്ങളിലുള്ള (രഹസ്യം) അല്ലാഹു അറിയുന്നു. അതിനാൽ നീ അവരിൽ നിന്നും വിട്ടുമാറുകയും അവരെ ഉപദേശിക്കുകയും, അവരുടെ ഉള്ളിൽ തട്ടുന്ന വാക്കുകൾ അവരോടു പറയുകയും ചെയ്യുക.”** (4:64)

താക്കീത്, ഉപദേശം, മുന്നറിയിപ്പ് ഇവ ഹൃദയം സ്വീകരിക്കുന്നതാണ്. അല്ലാഹു (ത) പറയുന്നു.

**“നിന്നിലേക്ക് (നീ പറയുന്നത്) ശ്രദ്ധിച്ചു കേൾക്കുന്ന ചിലരും അവരിലുണ്ട്. എന്നാൽ, അവർക്ക് അതു മനസ്സിലാവാത്തവണ്ണം അവരുടെ ഹൃദയങ്ങളിന്മേൽ മറകളും അവരുടെ കാതുകളിൽ അടപ്പും നാം ഇട്ടിരിക്കുന്നു.”**(6:26)

അവരുടെ ഹൃദയങ്ങളിൽ മറകൾ ഇട്ടിരിക്കുന്നതിനാൽ, അവർ ഉപദേശം സ്വീകരിക്കുകയോ മുന്നറിയിപ്പ് അംഗീകരിക്കുകയോ ചെയ്യുകയില്ല.

**“ സത്യമായും ജിന്നിൽ നിന്നും ഇൻസിൽ നിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യാവസാവനം നരകമാകുമാറ്. നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്. (പക്ഷേ) അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല; അവർക്ക് കണ്ണുകളുണ്ട്. (പക്ഷെ) അവ കൊണ്ട് അവർ കാണുന്നില്ല ! അവർക്ക് കാതുകളുണ്ട് ! (പക്ഷെ) അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ് ; അല്ല ! അവർ അവയെക്കാളും വഴിപിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ.”** (7:180)

ഇവർ മാർഗ്ഗദർശനത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നവരല്ല. ; അംഗീകരിക്കുന്നവരല്ല; ഹൃദയം കൊണ്ട് ചിന്തിക്കുന്നവരുമല്ല. അല്ലാഹു (ത) പറയുന്നു.**“ എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. ; പക്ഷെ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്. ”** (22:47)

ഇന്ന്, ഈ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതിനായി ഞാൻ എന്റെ റബ്ബിന്റെ തൗഫീഖിനായി പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് !

ഈ ദു ആ യോട് ഞാൻ അവസാനിപ്പിക്കുന്നു. **“**എന്റെ രക്ഷിതാവേ ; പാപമോചനത്തിനായി അർത്ഥിക്കുന്നവരോടൊപ്പം എന്നെയും ഉൾപ്പെടുത്തേണമേ! നിന്റെ സ്വാത്വികരായ, അനുസരണയുള്ള ദാസന്മാരോടൊപ്പം എന്നെയും ചേർക്കേണമേ ! നിന്റെ കാരുണ്യത്താൽ നിന്റെ അടുത്ത സ്നേഹിതരിൽ എന്നെയും ഉൾപ്പെടുത്തണേമേ ! കരുണാവാരിധികളിൽ വച്ച് ഏറ്റവും വലിയ കരുണാവാരിധിയായവനെ ! പ്രാർത്ഥന സ്വീകരിച്ചാലും !

**Translated & Issued By**
**R. Jamaludin Raother**
**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*